LIBRARY ARCHIVES Kerala Legislative Assembly

വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, അഗതി പെൻഷൻ എന്നിവയിൽ നടപടി സ്വീകരിക്കുന്നതിനുള്ള കാലതാമസം

83 (4967) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നൽകിവരുന്ന വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, അഗതി പെൻഷൻ തുടങ്ങിയവ ലഭിക്കുന്നതിനുള്ള അപേക്ഷകൾ പഞ്ചായത്തുകളിൽ സ്വീകരിക്കാതിരിക്കാനും നടപടി സ്വീകരിക്കാതിരിക്കാനും കാരണമെന്തെന്ന് വെളിപ്പെടുത്തുമോ ;

(ബി) കണ്ണൂർ ജില്ലയിൽ പെരിങ്ങളം മണ്ഡലത്തിലെ പഞ്ചായത്തുകളിൽ വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, അഗതി പെൻഷൻ എന്നീ ഇനത്തിൽ എത്ര അപേക്ഷകൾ തീർപ്പ് കൽപ്പിക്കാതെ കെട്ടിക്കിടക്കുന്നുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ കണക്ക് വെളിപ്പെടുത്തുമോ ;

(സി) അപേക്ഷകൾക്ക് എപ്പോൾ തീർപ്പ് കൽപ്പിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ശ്രീചിത്രാഹോം, വഞ്ചിപുവർ ഫണ്ട്, ജവഹർ ബാലഭവൻ തുടങ്ങിയ സ്ഥാപനങ്ങളിലെ നിയമനം

84 (4968) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീചിത്രാ ഹോം, വഞ്ചിപുവർ ഫണ്ട്, ജവഹർ ബാലഭവൻ തുടങ്ങിയ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലേക്കുള്ള നിയമന വ്യവസ്ഥകൾ എന്തെല്ലാം ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം സ്ഥാപനങ്ങളിൽ നടത്തിയ നിയമനങ്ങൾ സംബന്ധിച്ച വിശദവിവരം, നിയമന രീതിയും പേരുവിവരമുൾപ്പെടെ നൽകുമോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് നിയമിക്കപ്പെട്ടവരിൽ ആരെയെങ്കിലും ഈ കാലയളവിൽ പിരിച്ചുവിട്ടിട്ടുണ്ടോ ; എങ്കിൽ എന്തു കാരണത്താലാണ് പിരിച്ചുവിട്ടതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രീചിത്രാഹോമിലേക്കുള്ള നിയമനം ശ്രീചിത്രാഹോം മാനേജിംഗ് കമ്മിറ്റി നടത്തുന്നു.

വഞ്ചിപുവർ ഫണ്ട് ഗവൺമെന്റ് നിയന്ത്രിത സ്ഥാപനമല്ല. തിരുവിതാംകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് 1955 പ്രകാരം രജിസ്റ്റർ ചെയ്ത് 1941 മുതൽ പ്രവർത്തിച്ചുവരുന്ന സ്വതന്ത്ര സ്ഥാപനമാണ്.